## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.133 15.06.2012-ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകളുടെ ക്ഷേമത്തിന് പദ്ധതി

**ചോദ്യം**

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. സി. മോയിൻകുട്ടി
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷ വിഭാഗത്തിലെ വനിതകളുടെ ക്ഷേമത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിലെ വനിതകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് കുടുംബശ്രീ മാതൃകയിൽ സ്വയം സഹായ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വനിതകൾക്ക് സൗജന്യ തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ;

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുടുംബശ്രീ മാതൃകയിൽ ന്യൂനപക്ഷ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ (SHGs) തുടങ്ങുന്നതിന് 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട സ്വയം സഹായ സംഘങ്ങളിൽ 70% എങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വനിതകൾ പ്രവർത്തിക്കുന്നവയിൽ നിന്ന് പ്രോജക്ടുകൾ ക്ഷണിക്കുന്നതിനും അങ്ങനെ ലഭിക്കുന്ന പ്രോജക്ടുകൾ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടൻസ് പരിശോധിക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾക്ക് വേണ്ട പരിശീലനവും തുടർ പദ്ധതികൾക്കുള്ള പ്രാരംഭ ചെലവും പ്രോജക്ടുകളുടെ രീതിയനുസരിച്ച് നൽകുന്നതിനുള്ള പദ്ധതി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ തയ്യാറാക്കി വരുന്നു. പ്രോജക്ടുകളുടെ നടത്തിപ്പും പുരോഗതിയും സർക്കാർ നേരിട്ടോ തെരഞ്ഞെടുക്കപ്പെടുന്ന സംവിധാനമുപയോഗിച്ചോ വിലയിരുത്താൻ ഉദ്ദേശിക്കുന്നു. ഒരു ന്യൂനപക്ഷ വനിതയ്ക്ക് തുടർച്ചയായ വരുമാനം ലഭ്യമാകുന്ന പദ്ധതികളാണ് അംഗീകാരത്തിനായി പരിഗണിക്കപ്പെടുക. ആദ്യഘട്ടത്തിൽ, അഞ്ഞൂറ് വനിതാ സ്വയം സഹായ സംഘങ്ങൾ വഴി പതിനായിരം കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം ഉണ്ടാവുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മുസ്ലീം യുവജനതയ്ക്കായി പ്രീമാരിറ്റൽ

കൗൺസലിംഗ്, വ്യക്തിത്വ വികസന ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത തുടർ പഠനത്തിന് അവസരമില്ലാതെപോയ ന്യൂനപക്ഷ ജനതയ്ക്കായി , ഇന്ത്യയിൽ നിലവിലുള്ള സർവ്വകലാശാലകൾ നടത്തുന്ന കറസ്പോണ്ടൻസ് / ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകൾ എന്നിവയിൽ ചേർന്ന് തുടർ വിദ്യാഭ്യാസം നടത്തുന്നതിനുള്ള പരിപാടിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) പുനർ വിവാഹം കഴിക്കാത്ത, മൊഴി ചൊല്ലപ്പെട്ട പാവപ്പെട്ട ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകളുടെ പുനരധിവാസത്തിനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

(ഡി) സപ്തധാര പദ്ധതിയിൽപ്പെടുത്തി വിവാഹമോചിതരും കഴിഞ്ഞ 5 വർഷമായി പുനർവിവാഹം ചെയ്യാത്തവരും സ്വന്തമായി കിടപ്പാടമില്ലാത്തവരും സർക്കാർ ജോലിവഴിയോ അല്ലാതെയോ സ്ഥിരവരുമാനം ഉള്ള ആൺമക്കളില്ലാത്തവരുമായ ബി.പി.എൽ ന്യൂനപക്ഷ വനിതകൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ആഫീസർ.**